പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 953

10.02.2016 -ന്
മറുപടിയ്ക്ക്

## മൈക്രോ ഫിനാൻസ് പദ്ധതി-വായ്പ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. അജിത് | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | എസ്. എൻ. ഡി. പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതി മുഖേന വിതരണം ചെയ്യുന്നതിനായി പിന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ വഴി എത്ര കോടി രൂപയാണ് വായ്പയെടുത്തിട്ടുള്ളതെന്നും ഈ വായ്പകൾക്കായി ആരൊക്കെയാണ് ഗാരന്റി നിന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | എ) | 15,85,00,000/- രൂപ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സംഘടനയുടെ Net worth-ന്റെ (അറ്റ ആസ്തി) അടിസ്ഥാനത്തിലാണ് ഈ വായ്പകൾ നല്കിയിട്ടുള്ളത്. |
| ബി) | പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിന്നും എത്ര ശതമാനം പലിശക്ക് വിതരണം ചെയ്യുവാനാണ് പണം അനുവദിച്ചിട്ടുള്ളതെന്നും. അനുവദിക്കപ്പെട്ടതിൽ കൂടുതൽ പലിശ മൈക്രോ ഫിനാൻസ് വഴി ശേഖരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | ബി) | 31.03.2003-ന് നല്കിയ 50 ലക്ഷം രൂപയും 10.06.2004-ന് നല്കിയ 50 ലക്ഷം രൂപയും SNDP യോഗത്തിന് നല്കിയിരുന്നത് 5 ശതമാനം പലിശയ്ക്കാണ് SNDP യോഗം സ്വയം സഹായസംഘത്തിന് നല്കേണ്ടത് 8% പലിശയ്ക്കാണ്.<br>20.11.2004 മുതൽ 25.08.2009 വരെ നല്കിയ വായ്പകൾ SNDP യോഗത്തിന് നല്കിയിട്ടുള്ളത് 3% പലിശയ്ക്കാണ്. SNDP യോഗം സ്വയം സഹായ സംഘങ്ങൾക്ക് നല്കേണ്ടത് 5% പലിശയ്ക്കാണ്.<br>19.06.2014-ന് നല്കിയ 5 കോടി രൂപ 3% പലിശയ്ക്കാണ് SNDP യോഗത്തിന് നല്കിയിരുന്നത്. SNDP യോഗം സ്വയംസഹായ സംഘത്തിന് 5% പലിശയ്ക്ക് നല്കാനാണ് വ്യവസ്ഥ. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട പലിശ നിരക്ക് 5% ആയി നിശ്ചയിച്ചിരുന്നു.<br>19.06.2014-ൽ കൊടുത്ത 5 കോടി രൂപ വായ്പയിൽ ജില്ലകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് പ്രകാരം പലിശ നിരക്കിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പിന്നോക്ക സമുദായ കോർപ്പറേഷൻ വഴി വിതരണത്തിന് അനുവദിച്ച തുക സംബന്ധിച്ച് ക്രമവിരുദ്ധമായ നടപടികൾ ഉണ്ടായതായി പരാതി ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) | എസ്. എൻ. ഡി. പി. മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. SNDP യോഗം സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടവർക്ക് വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വായ്പാ തുക ലഭിച്ചിട്ടില്ലായെന്നും ചിലരിൽ നിന്നും കൂടുതൽ പലിശ ഈടാക്കി എന്നുമാണ് പ്രധാന പരാതികൾ. വായ്പാതുക ദുർവിനിയോഗം നടത്തിയിട്ടുള്ളത് കണ്ടെത്തിയ സാഹചര്യത്തിൽ 3% പലിശയും, 12% പിഴപ്പലിശയും ചേർത്ത് മൊത്തം 15% പലിശയ്ക്ക് മുഴുവൻ വായ്പാ തുകയും തിരിച്ചുപിടിക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**